## കേരള വനംവകുപ്പ്
## നെന്മാറ ഫോറസ്റ്റ് ഡിവിഷൻ, നെന്മാറ

### ഇ-ലേല പരസ്യം

**KFDDO-38750/2026-DFONMR/A1** **തീയതി : 11.06.2026**

നെന്മാറ ഡിവിഷന്റെ പരിധിയിലുള്ള ആലത്തൂർ റെയിഞ്ചിലെ മംഗലംഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന 1962-65 യു.ടി.ടി. തേക്ക് തോട്ടത്തിൽ നിന്നും അടക്കിമുറി വഴി ശേഖരിച്ചതും നന്നങ്ങാടി ഡംമ്പിംഗ് ഡിപ്പോയിൽ സൂക്ഷിക്കുന്നതുമായ തേക്ക് കഴകൾ, ബില്ലറ്റ്സ്, വിറക്, പലജാതി ഉൽപന്നങ്ങൾ ആലത്തൂർ റെയിഞ്ചിലെ നെല്ലിയാമ്പതി ഫോറസ്റ്റ് റെയ്ഞ്ചിലെ 1963 മയിലാടുംപരുത തോട്ടത്തിലെ മാർക്ക് ചെയ്ത 118 ഇലവ് മരങ്ങൾ (തൊലിയുൾപ്പെടെ) താഴെ കൊടുത്തിരിക്കുന്ന പട്ടിക (2) ൽ പറയുന്ന പ്രകാരം വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം താഴെ പറയുന്ന തീയതികളിൽ 16.09.2014-ലെ വോള്യം III പാർട്ട് III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 4.11.2014-ലെ വോള്യം III പാർട്ട് III 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV പാർട്ട് III 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ.(4)-29243/2013 നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **04923-243179** എന്ന നമ്പറിൽ ബന്ധപ്പെടുക.

### പട്ടിക I

| റെയ്ഞ്ച് | ഡമ്പിംഗ് ഡിപ്പോയുടെ പേര് | ഇനം | അളവ് | ഇ-ലേല തിയ്യതി |
|---|---|---|---|---|
| ആലത്തൂർ | നന്നങ്ങാടി | തേക്ക് കഴകൾ IIC | 161 Nos | **19.06.2026<br>29.06.2026<br>08.07.2026<br>(11.30 pm-1.30 pm)** |
| | | തേക്ക് കഴകൾ III | 153 Nos | |
| | | തേക്ക് കഴകൾ IV | 15 Nos | |
| | | തേക്ക് ബില്ലറ്റ്സ് CIII | 22.3 MT | |
| | | തേക്ക് ബില്ലറ്റ്സ് CIV | 20.8 MT | |
| | | തേക്ക് ബില്ലറ്റ്സ് BS | 201 MT | |
| | | തേക്ക് വിറക് | 80.1 MT | |
| | | പലജാതി വിറക് | 142.3 MT | |

## പട്ടിക II

| ക്രമ നം | തോട്ടത്തിന്റെ പേര് | തരംതിരിച്ച അളവും നിരക്കും | റിമാർക്സ് |
|---|---|---|---|
| 1 | 1963 Myladumparutha | മരങ്ങളുടെ എണ്ണം - 118<br>തടിയുടെ അളവ് - 199.628$M^3$<br>വിറകിന്റെ അളവ് - 37.797$M^3$<br>തടിക്ക് കണക്കാക്കുന്ന വില - 19,56,354/- രൂപ<br>വിറകിന് കണക്കാക്കുന്ന വില - 90,543/- രൂപ<br>ആകെ തുക - 20,46,897/- രൂപ | മൊത്തം തുകയാണ് രേഖപ്പെടുത്തേണ്ടത് (തടികൾക്ക് 1$M^3$ഉം വിറകിന് 1MT യും തൊലിയുൾപ്പെടെ) |

പട്ടിക I ലെ വഹകൾക്ക് 20,000/- രൂപയും, പട്ടിക II ലെ വഹകൾക്ക് 25000/- രൂപയും നിരതദ്രവ്യം ഇ-ട്രഷറി മുഖേനയോ, നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിങ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. ചലാൻ/ ഡിമാന്റ് ഡ്രാഫ്റ്റ് ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ലേലത്തിൽ പങ്ക് കൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

### പട്ടിക (I) മായി ബന്ധപ്പെട്ട നിബന്ധനകൾ

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് എഴ് പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്. ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. പട്ടികയിൽ പറഞ്ഞിട്ടുള്ള തേക്ക് വിറകിന്റെ അളവിൽ മാറ്റം വരുത്തുന്നതിനോ, മറ്റൊരറിയിപ്പു കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറയിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട വസ്തുവിന്റെ ബാക്കി തുക, മറ്റ് നികുതികൾ മുതലായവ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ-ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ഇ-ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ (ഫോൺ നമ്പർ: 04923-243179) ഇ-മെയിൽ : dfo-nenmara.for@kerala.gov.in, ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ (ഫോൺ - 8547602133) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

## പട്ടിക (II) മായി ബന്ധപ്പെട്ട നിബന്ധനകൾ

### ഇ – ലേല നിബന്ധനകൾ

**1. പൊതു നിബന്ധനകൾ**

(എ). മാർക്ക് ചെയ്ത മരങ്ങളുടെ വ്യാപ്തത്തിന്റെ നിരക്കനുസരിച്ചായിരിക്കും ഇ-ലേലം നടത്തുന്നത്. മരങ്ങൾ മുറിച്ച് വീഴ്ത്തി കഷണങ്ങളാക്കി അട്ടിവെയ്ക്കുന്നതിന്റെ ചെലവ് ലേലക്കാരൻ വഹിക്കേണ്ടതാണ്.

(ബി). വിജയിയാകുന്ന ലേലക്കാരൻ എഗ്രിമെന്റ് ഷെഡ്യൂളിൽ പറയുന്ന ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ എല്ലാംതന്നെ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മറ്റ് ഇനങ്ങളിലുള്ള മരങ്ങൾ നിലനിർത്തേണ്ടതാണ്.

(സി). ഇ-ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ലേലക്കാരൻ തോട്ടം പരിശോധിച്ച് ഉൽപ്പന്നത്തിന്റെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലം കഴിഞ്ഞ് അളവും ഗുണനിലവാരവും സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല.

(ഡി). ലേലക്കാരൻ ലേലംകൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ ഭാഗീകമായോ പൂർണ്ണമായോ വെട്ടിശേഖരിച്ച് നീക്കം ചെയ്യുന്നതിൽ നിന്നും വിലക്കുന്നതിന് ഭരണപരമായ കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ കേരള വനം വകുപ്പിന് (നെന്മാറ വനം ഡിവിഷന്) അധികാരമുണ്ടായിരിക്കും.

(ഇ). ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വ്യക്തികൾ ആധാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷിപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റും സ്ഥാപനങ്ങളാണെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയോ ലൈസൻസിന്റേയോ പകർപ്പും നിരതദ്രവ്യത്തോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

(എഫ്). ഇ-ലേലത്തിൽ പങ്കെടുക്കുന്ന ലേലക്കാർ വനം വകുപ്പ് ഉദ്യോഗസ്ഥർ കൈമാറുന്ന നിശ്ചിത വിസ്തൃതിയിലുള്ള തോട്ടത്തിൽ നിൽക്കുന്ന മാർക്ക് ചെയ്തമരങ്ങൾ മാത്രം വെട്ടിശേഖരിച്ച് നീക്കം ചെയ്യേണ്ടതാണ്. ലേലംകൊള്ളുന്ന തോട്ടത്തിലെമറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നുംതന്നെ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(ജി). വിജയിക്കുന്ന ലേലക്കാരൻ പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ, ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

ഇത്തരത്തിൽ ദർഘാസുകാരൻ / ലേലക്കാരൻ ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദു ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കൂപ്പ് പുനർലേലം ചെയ്യുന്നതായിരിക്കും.

(എച്ച്). ഇ ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**2. നിരതദ്രവ്യം**

ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ലേലക്കാർ **25,000/-രൂപ** നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമ പ്രകാരമുള്ള നിരതദ്രവ്യം ഇ-പെയ്മെന്റ്/ ഇ-ട്രഷറി വഴി കെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.

**3. ജി.എസ്സ്.ടി, വരുമാന നികുതി തുടങ്ങിയവ**

(എ). ലേലത്തിൽ വിജയിയാകുന്ന ലേലക്കാരൻ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകളിൽ ജി.എസ്സ്.ടി, വരുമാന നികുതി, വന വികസന നികുതി കൂടാതെ പ്രാബല്യത്തിലുള്ള മറ്റെല്ലാ നികുതികളും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(ബി). വിജയിയാകുന്ന ലേലക്കാരൻ ലേലവുമായി ബന്ധപ്പെട്ട മുഴുവൻ ജി.എസ്സ്.ടി തുകയും, ജി.എസ്സ്.ടി നിരക്കുകളിൽ മാറ്റം വരുന്ന പക്ഷം പുതുക്കിയ നിരക്കിലുമുള്ള ജി.എസ്സ്.ടി തുകയും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(സി). വിജയിയാകുന്ന ലേലക്കാരൻ ഇൻഡ്യൻ സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാംമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതാണ്. സ്റ്റാംമ്പ് ഡ്യൂട്ടിയിൽ എന്തെങ്കിലും കുറവുള്ളതായി പിന്നീട് കണ്ടെത്തിയാൽ ആ തുക ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിന് വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

**4. ഉടമ്പടി**

വിജയിയാകുന്ന ലേലക്കാരൻ 5% സെക്യൂരിറ്റിതുക ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ഒടുക്കി ലേലത്തുകയുടെ 0.1 ശതമാനം വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ്വയ്ക്കേണ്ടതാണ്. സെക്യൂരിറ്റി തുക (നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേർക്ക് Pledge ചെയ്തത്) കേരള സർക്കാരിന്റെ ട്രഷറി / ബാങ്ക് മുഖേനയുള്ള സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള രസീത് ആയിരിക്കണം. 35% ലേലത്തുകയും 5% സെക്യൂരിറ്റി തുകയും ഒടുക്കി ഉടമ്പടി ഒപ്പ് വച്ചതിനുശേഷം മാത്രമെ ജോലി തുടങ്ങുന്നതിനും 100% ലേലത്തുകയും നികുതികളും അടവാക്കിയതിനു ശേഷം മാത്രമെ ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനും അനുവദിക്കുകയുള്ളു. ലേല തുക കണക്കാക്കുന്നത് തോട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങളുടെ തിട്ടപ്പെടുത്തിയ വ്യാപ്തത്തിന് അനുസരിച്ചായിരിക്കും.

**5. തുകയും നികുതികളുംഒടുക്കുന്നത്**

വിജയിയായ ലേലക്കാരൻ ലേല തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) 35% ലേലത്തുകയും വനവികസന നികുതിയും ചരക്ക് സേവന നികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. 65% ലേലത്തുക 40 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12 ശതമാനം പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദീർഘിപ്പിച്ചു നൽകുന്നതാണ്. 18 ശതമാനം പിഴ പലിശ ഒടുക്കുന്നതിന് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ചു നൽകുന്ന രണ്ട് കാലാവധികൾക്കുള്ളിലും മേൽപറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ചവരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും മറ്റെല്ലാ തുകകളും സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

**6. കരാർകാലാവധി**

(എ) കരാർ കാലാവധി ലേലസ്ഥിരീകരണ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 30 ദിവസമോ 30.07.2026 തീയതിയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതിവരെയായിരിക്കും. സാധാരണ ഗതിയിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല. പ്രത്യേക സാഹചര്യങ്ങളിൽ ന്യായമായ കാരണങ്ങളാൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഒരു ഹെക്ടറിന് 2500/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കരാർകാലാവധി ദീർഘിപ്പിച്ച് നൽകുന്നതായിരിക്കും. തുടർന്ന് പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഒരു ഹെക്ടറിന് 5000/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കൂടി ഇപ്രകാരം ദീർഘിപ്പിച്ച് നൽകുന്ന 60 ദിവസത്തിനുശേഷം യാതൊരു കാരണവശാലും കരാർകാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(i) ദീർഘിപ്പിച്ചു നൽകിയ സമയത്തിനുള്ളിലും ഉടമ്പടി പ്രകാരം ശേഖരിച്ച ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നില്ലായെങ്കിൽ ആയത് സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അതിൽ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

(ii) മേൽ പ്രകാരമുള്ള സാഹചര്യത്തിൽ ലേലക്കാരൻ പൂർത്തിയാക്കാതെ പോയ ജോലികൾ മറ്റ് ഏതെങ്കിലും തരത്തിൽ പൂർത്തിയാക്കുന്നതും, അപക്രാരം സർക്കാരിനുണ്ടാകുവാൻ സാധ്യതയുള്ള എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരമുണ്ടാകുന്ന

എല്ലാവിധ നഷ്ടങ്ങളും റവന്യു റിക്കവറി ഉൾപ്പെടെ നിലവിലുള്ള നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

**(ബി)** ഉടമ്പടി പ്രകാരം മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എത്തിച്ച് ശേഖരിക്കുന്ന സ്ഥലം മുൻകൂറായി ലേലക്കാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുൻകൂറായി അറിയിച്ചിരുന്ന സ്ഥലത്തുനിന്നും ഉൽപ്പന്നങ്ങൾ മറ്റ് ഏതെങ്കിലും സ്ഥലത്ത് സൂക്ഷിക്കുവാൻ ഇടയാകുന്നപക്ഷം ആ വിവരവും നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂറായി അറിയിക്കേണ്ടതാണ്.

**7. സെക്യൂരിറ്റിഡിപ്പോസിറ്റ്**

**(എ)** ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനുള്ളിൽ ലേലക്കാരൻ മുഴുവൻ 35% ലേലത്തുകയും വനവികസന നികുതിയും ചരക്ക്സേവന നികുതിയും ആദായ നികുതിയും 5% സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഉടമ്പടി വ്യവസ്ഥകൾ പ്രകാരം ജോലികൾ വിജയകരമായി നിർവ്വഹിച്ചശേഷം ജി.എസ്.റ്റി. ക്ലിയറൻസ് സർട്ടിഫിക്കറ്റ്, വരുമാന നികുതി സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കുന്ന മുറയ്ക്ക് മാത്രം വിട്ടു നൽകുന്നതാണ്. ജോലികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉണ്ടാകുന്നപക്ഷം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

**(ബി)** സെയിൽ കൂപ്പുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

**8. മരങ്ങളുടെ വെട്ടിശേഖരണം സംബന്ധിച്ച പൊതുവ്യവസ്ഥകൾ**

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉൽപന്നങ്ങളുടെ വെട്ടിശേഖരണം നടത്തേണ്ടതാണ്.

**(എ)** ലേലത്തിലെടുത്തിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.

**(ബി)** നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നോ ആലത്തൂർ / നെല്ലിയാമ്പതി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ രേഖാമൂലമുള്ള അനുവാദം വാങ്ങാതെ ലേലക്കാരനോ, ലേലക്കാരന്റെ ഏജന്റോ മറ്റ് ജോലിക്കാരോ കൂപ്പിനുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

**(സി)**കരാർ കാലാവധി കഴിയുന്നതുവരെ ലേലക്കാരൻ തോട്ടങ്ങളുടെ അതിരുകൾ രണ്ട് മീറ്റർവീതിയിൽ അതിരുകൾ വ്യക്തമാകത്തക്കവിധം അടിക്കാട് തെളിച്ച് സൂക്ഷിക്കേണ്ടതാണ്. ലേലക്കാരൻ ഇപ്രകാരം ചെയ്യാത്തപക്ഷം ആയത് ഡിപ്പാർട്ടുമെന്റലായി നിർവ്വഹിക്കുന്നതും ആയത് മൂലമുണ്ടാകുന്ന ചെലവുകൾക്കും മറ്റ് നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ലേലക്കാരനിൽ നിന്നും നോട്ടീസ് നൽകി ഈടാക്കുന്നതുമായിരിക്കും.

**(ഡി)** കരാർ ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജന്റിന്റെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജന്റ്/ ഏജന്റുമാരുടെ പേര്, അഡ്രസ്സ്, സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജന്റിനെ നിരസിക്കു വാനുള്ള അധികാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കേരള വനം വകുപ്പോ, കേരളാസർക്കാരോ കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തികളെ ഏജന്റായോ, ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല.

**(ഇ)** കരാറുകാരൻ ഏർപ്പെടുത്തുന്ന ഏജന്റുമാർക്കും, ജോലിക്കാർക്കും അവരുടെ പേര്, വയസ്സ്, നിലവിലെ മേൽവിലാസം, കാലാവധി എന്നിവ രേഖപ്പെടുത്തിയ രേഖാമൂലമുള്ള തിരിച്ചറിയൽരേഖ നൽകേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥരോ, പോലീസോ ആവശ്യപ്പെടുന്നപക്ഷം ഏത് സമയത്തും ടി തിരിച്ചറിയൽരേഖ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

**(എഫ്)** ലേലക്കാരനും ഏജന്റും ജോലിക്കാരും കേരളാ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

**(ജി)** ലേലക്കാരും, ഏജന്റും ജോലിക്കാരും കരാർ പ്രകാരമുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് നിന്നും യാതൊരു കാരണവശാലും മറ്റ് വനപ്രദേശങ്ങളിലേയ്ക്ക് തീ പടരുവാനുള്ള സാധ്യതകൾ സൃഷ്ടിക്കരുത്.

**(എച്ച്)** ഏതെങ്കിലും കാരണവശാൽ കരാർ ജോലികൾ നടന്നുകൊണ്ടിരിക്കുന്ന വനപ്രദേശത്തോട് ചേർന്ന് തീ പിടുത്തമുണ്ടാകുന്ന പക്ഷം തീ അണയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ

സ്വീകരിക്കേണ്ടതും തീ ഉണ്ടായിട്ടുള്ള വിവരം ബന്ധപ്പെട്ട വനം വകുപ്പ്, പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(ഐ)** കരാർ വ്യവസ്ഥ പ്രകാരം വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ മൂലമോ മോഷണം മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**(ജെ)** ലേലക്കാരനും ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരളാ ഫോറസ്റ്റ് ആക്ട്, വന്യജീവി സംരക്ഷണ നിയമംതുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ക്രിമിനൽ കുറ്റങ്ങളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലി സ്ഥലത്ത് അനുവദനീയരല്ല.

**(കെ)** കരാർ എടുത്തിട്ടുള്ള തോട്ടത്തിലേയോ സമീപ റിസർവ്വുകളിലേയോ മരങ്ങൾക്ക് ഉണ്ടാകാവുന്ന എല്ലാവിധ നാശങ്ങൾക്കും നഷ്ടങ്ങൾക്കും കരാറുകരാൻ ഉത്തരവാദിയായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ കരാറുകാരൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

**(എൽ)** ലേലക്കാരൻ ആവശ്യപ്പെടുന്നപക്ഷം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ കൂപ്പിന് പുറത്ത് ബില്ലറ്റുകൾ സൂക്ഷിക്കുവാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവാദം നൽകുന്നതാണ്.

**(എം)** കരാറെടുത്തിട്ടുള്ള കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന എല്ലാവിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും കരാറെടുത്തിട്ടുള്ള ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന പക്ഷം ആയത് വനം വകുപ്പ് ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ചെയ്യാത്തപക്ഷം കരാർ റദ്ദാവുന്നതാണ്.

**9. മരങ്ങൾ മുറിക്കുന്നതുള്ള വ്യവസ്ഥകൾ**

**(എ)** താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മരങ്ങൾ മുറിക്കുവാൻ പാടുള്ളൂ.

**(i)** കരാർ എടുത്തിരിക്കുന്ന തോട്ടം 10 ഹെക്ടർ വീതമുള്ള ബ്ലോക്കുകളായി തിരിച്ച് മാത്രമേ മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളൂ.

**(ii)** കരാർ എടുത്തിട്ടുള്ള തോട്ടത്തിൽ നിൽക്കുന്ന മറ്റ് മരങ്ങൾക്കും സസ്യജാലങ്ങൾക്കും കേടുപാടുണ്ടാകാതെ വേണം വെട്ടിശേഖരണം നടത്തേണ്ടത്.

**(iii)** മരങ്ങൾ മുറിച്ച് നീക്കം ചെയ്യുമ്പോൾ താഴെപ്പറയുന്ന മുൻകരുതലുകൾ കൂടി സ്വീകരിക്കേണ്ടതാണ്.

**(എ)** മരങ്ങൾ തോട്ടത്തിന്റെ ഉയർന്ന ഭാഗത്തു നിന്നും താഴേക്കു മാത്രമേ മുറിക്കാവൂ. തോട്ടത്തിൽ നിന്നും മരങ്ങൾ മുറിച്ച് നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വഴിയുടെ ഏറ്റവും അവസാന ഭാഗത്തു നിന്നും മാത്രമേ മരങ്ങൾ മുറിച്ച് തുടങ്ങാവൂ.

**(ബി)** മരങ്ങൾ പരമാവധി മൂർച്ചയുള്ള ഉപകരണം കൊണ്ട് മുറിക്കേണ്ടതും, മരക്കുറ്റികൾ മണ്‍ നിരപ്പിൽ നിന്നും പരമാവധി 15 സെന്റീമീറ്റർ മുകളിലേയ്ക്ക് മാത്രം നിൽക്കുന്ന തരത്തിലും മുറിക്കേണ്ടതാണ്.

**(സി)** ബില്ലറ്റുകൾ വാൾ ഉപയോഗിച്ച് മാത്രമേ മുറിക്കാവൂ.

**(ഡി)** കരാറുകാരനിൽ നിന്നേ ഏജന്റിൽ നിന്നോ മറ്റ് ജോലിക്കാരിൽ നിന്നോ ഉണ്ടാകുന്ന നോട്ടക്കുറവ് മൂലം ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

**10. ഉത്പന്നങ്ങൾ നീക്കം ചെയ്യുന്നത്.**

ലേലക്കാരൻ വെട്ടിശേഖരിക്കുന്ന ഉത്പന്നങ്ങൾ സ്വന്തംചെലവിലും ക്രമീകരണത്തിലും നിർദ്ദിഷ്ട സ്ഥലത്തേക്ക് കടത്തിക്കൊണ്ട് പോകേണ്ടതാണ്. ഉത്പന്നങ്ങൾ ലേലക്കാരനോ അദ്ദേഹത്തിന്റെ ഏജന്റോ കടത്തിക്കൊണ്ട് പോകേണ്ടത് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിസ്റ്റ് റൂളുകളിൽ പറയും പ്രകാരം നിർദ്ദിഷ്ട പാസ്സോടുകൂടി ആയിരിക്കണം. പാസ്സുകൾ വനം വകുപ്പ് നൽകുന്നതായിരിക്കും. ലേലക്കാരൻ ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിച്ച വഴികളിലൂടെയും കെ.എഫ്.പിറ്റി റൂൾസ് മോട്ടോർ വെഹിക്കിൾസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾ പാലിച്ചുമായിരിക്കണം.

**11. കടത്ത് പാസ്സ് നൽകുന്നത്.**

ലേലക്കാരൻ അല്ലെങ്കിൽ ഏജന്റിന് ഇൻവോയിസ് നൽകിയശേഷം ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് പാസ്സ് നൽകുന്നതാണ്. എന്നാൽ കടത്തിക്കൊണ്ട് പോകാൻ അനുവദിച്ചിട്ടുള്ള ഉൽപന്നങ്ങളുടെ വില അഡ്വാൻസ് തുകയിൽ അധികരിക്കുവാൻ പാടില്ല.

**(എ).** ഇൻവോയിസ് തയ്യാറാക്കിയശേഷം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ നിർദ്ദിഷ്ട സ്ഥലത്തേക്ക് ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് നിയമപ്രകാരം പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം III വെള്ള / ഫോം III ചുവപ്പ് പാസ്സ് നൽകുന്നതായിരിക്കും

**(ബി)** ശേഖരിച്ച ഉൽപന്നങ്ങൾ തോട്ടത്തിൽ തന്നെയുള്ള ഡംബിഗ് സൈറ്റിലേക്ക് കടത്തിക്കൊണ്ട് പോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസർ / ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം V പെർമിറ്റുകൾ നൽകുന്നതാണ്.

**(സി)** വെട്ടിശേഖരിച്ച ഉത്പന്നങ്ങൾ ചെക്ക് മെഷർമെന്റിന് ശേഷം സംസ്ഥാനത്തിന് അകത്തുള്ള നിർദ്ദിഷ്ട സ്ഥലത്തേക്ക് ഒറ്റ തവണയായി കൊണ്ടുപോകുവാൻ കഴിയുന്നില്ലായെങ്കിൽ ആവശ്യമായ ഫോം VI മഞ്ഞ സബ്സിഡറി പാസ്സുകൾ, പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

**(ഡി)** പാസ്സുകളുടെ കണക്കുകൾ ലേലക്കാരൻ സൂക്ഷിക്കേണ്ടതും രണ്ട് ആഴ്ചകൂടുമ്പോൾ ഡി.എഫ്.ഒ.യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

**(ഇ)** ലേലക്കാരൻ ശേഖരിച്ച് അട്ടിവെച്ചിട്ടുള്ള ഉത്പന്നങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ പരിശോധനയ്ക്ക് വിധേയമായിരിക്കും.

**(എഫ്)** ഉത്പന്നങ്ങളുടെ നിർദ്ദിഷ്ട സ്ഥലത്തേക്കോ ഇടക്കാല സ്ഥലത്തേക്കോ ഉള്ള കടത്ത് റെയിഞ്ചാഫീസർ നിർദ്ദേശിക്കുന്ന വഴികളിലൂടെ ആയിരിക്കണം

**12. <u>ഉൽപന്നങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിനുള്ള കാലതാമസം - പാസ്സുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്</u>**

ലേലക്കാരൻ പാസ്സ് നൽകി 30 ദിവസത്തിനകമോ കരാർ കാലാവധിക്കുള്ളിലോ ഏതാണോ ആദ്യംവരിക ആ തീയതിയ്ക്കകം ഉൽപന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടതാണ്. പാസ്സിന്റെ കാലാവധി ഒരു മാസമോ അതിൽ കുറവുള്ള കാലയളവിലേക്കോ $M^3$ or MTന് 100 രൂപ നിരക്കിൽ പിഴപ്പലിശ ഈടാക്കിക്കൊണ്ട് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണ്. 30 ദിവസത്തിൽ കൂടുതൽ കാലയളവിലേക്കുള്ള കാലാവധി $M^3$ or MTന് പ്രതിമാസം 200 രൂപ ഈടാക്കിക്കൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ ദീർഘിപ്പിച്ച് നൽകുന്നതാണ്.

**13. <u>ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ പാസ്സുകളുടെ കൗണ്ടർ ഫോയിലുകൾ</u>**

കരാർ കാലാവധിയോ ദീർഘിപ്പിച്ച കാലാവധിയോ കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർ ഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ലേലക്കാരൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്. കരാർ റദ്ദാക്കുകയാണെങ്കിലും ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്.

**14. <u>രേഖകളുടെ സൂക്ഷിപ്പ്</u>**

ഉൽപ്പന്നളുടെ വെട്ടിശേഖരണവും കടത്തിക്കൊണ്ട് പോകലും സംബന്ധിച്ച കൃത്യവും വിശദവുമായ കണക്കുകൾ ലേലക്കാർ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും റെയിഞ്ചാഫീസർക്കും നൽകേണ്ടതാണ്. ലേലക്കാരൻ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ റെയിഞ്ച് ഫോറസ്റ്റ് ആഫീസറിൽ കുറയാത്ത റാങ്കുള്ള ഏതൊരു വനം വകുപ്പ് ഉദ്യോഗസ്ഥന്റേയും പരിശോധനയ്ക്ക് വിധേയമായിരിക്കും. പ്രോഗ്രസ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രതിമാസം 500 രൂപ നിരക്കിൽ ലേലക്കാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

**15. <u>കരാർ തോട്ടങ്ങൾ തിരികെ നൽകുന്നത്</u>**

കരാർ കാലാവധി കഴിയുന്നതോ ജോലി പൂർത്തിയാക്കുന്നതോ ഏതോണോ ആദ്യം വരുക അത് കഴിഞ്ഞാൽ ഉടൻ തന്നെ റെയിഞ്ചാഫീസറും കരാർകാരന്റെ അംഗീകൃത ഏജന്റും ചേർന്ന് സംയുക്ത മഹസ്സർ തയ്യാറാക്കിയതിനുശേഷം ലേലക്കാരൻ തോട്ടം ഡിപ്പാർട്ട്മെന്റിന് കൈമാറേണ്ടതാണ്. കരാറുകാരനോ ഏജന്റോ ഹാജരായില്ലെങ്കിൽ റെയിഞ്ചാഫീസർ എക്സ്പാർട്ടിമഹസ്സർ തയ്യാറാക്കി തോട്ടം തിരികെ എടുക്കുന്നതാണ്. റെയിഞ്ചാഫീസർ തിട്ടപ്പെടുത്തുന്നതും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്നതുമായ നഷ്ടം എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. കരാർകാലാവധി കഴിഞ്ഞാൽ ഉടൻ തന്നെ വെട്ടിശേഖരണം പൂർത്തിയാക്കി കരാർ എടുത്തിട്ടുള്ള ഏരിയ റീപ്ളാന്റിഗിനായി തിരികെ നൽകിയില്ലായെങ്കിൽ ഒര് തൈക്ക് 10 രൂപ നിരക്കിൽ ഹെക്ടറിന് 1600 എണ്ണം / ഹെ. ക്രമത്തിൽ തൈകളുടെ വില ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

**16. കോൺട്രാക്ട് വ്യവസ്ഥകളുടെ ലംഘനത്തിനുള്ള മറ്റ് പിഴകൾ**

കരാർ വ്യവസ്ഥകൾ മൊത്തമായോ ഏതെങ്കിലും വ്യവസ്ഥകൾ മാത്രമായോ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ താഴെപ്പറയും പ്രകാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ തിട്ടപ്പെടുത്തിയ പിഴ ഒടുക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

| | | |
|---|---|---|
| എ | 15 സെമി ചുറ്റുവണ്ണമുള്ള ഉത്പന്നങ്ങൾ ശേഖരിക്കാതെ ഉപേക്ഷിക്കുന്നതിന് | റെയിഞ്ചാഫീസർ തിട്ടപ്പെടുത്തി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്ന ഉത്പന്നങ്ങളുടെ വില |
| ബി | കരാർകാലാവധി കഴിഞ്ഞ് മരങ്ങൾ മുറിച്ച് നീക്കാതെ അവശേഷിക്കുന്ന ഏരിയ | ഹെക്ടറിന് 5000 രൂപ |
| സി | മരങ്ങളുടെ ഭാവിയിലേക്കുള്ള വളർച്ച തടസ്സപ്പെടുത്തുന്ന വിധത്തിൽ കേടുപാടുകൾ വരുത്തുന്നതിന് | ഒരു മരത്തിന് 500 രൂപ |

**17. ഇൻകംടാക്സ് പെയ്മെന്റ്**

**(എ)** 1961 ലെ ഇൻകംടാക്സ് നിയമപ്രകാരമുള്ള ഇൻകംടാക്സ് നികുതി ഇളവിനായി കരാറുകാരൻ 27 സിഫോറത്തിലുള്ള ഡിക്ളറേഷൻ ഉത്പന്നങ്ങൾക്കുള്ള ഇൻവേയ്സ് നൽകുന്നതിന് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**(ബി).** കരാറുകാരൻ നിർദ്ദിഷ്ട ഡിക്ളറേഷൻ സർപ്പിക്കുന്നില്ലായെങ്കിൽ ലേല തുകയോടൊപ്പം സെക്ഷൻ 6 സി പ്രകാരമുള്ള ഇൻകംടാക്സ് ഒടുക്കേണ്ടതാണ്.

**18. തുക ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റുന്നതിന് കരാറുകാരൻ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ**

കരാറുകാരന്റെ പേരിലുള്ള നോട്ടീസുകൾ ഇൻവേയ്സുകൾ എന്നിവ കൈപ്പറ്റുന്നതിന് കരാറുകാരൻ നേരിട്ടോ ഏജന്റ് മുഖേനയോ ക്രമീകരണങ്ങൾ വരുത്തുകയോ ശരിയായ പോസ്റ്റൽ മേൽവിലാസം നൽകുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അയയ്ക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ തിരികെ വരുകയാണെങ്കിൽ ആയവ കേരാറുകാരൻ കൈപ്പറ്റിയതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**19. കോൺട്രാക്റ്റ് ക്യാൻസൽ ചെയ്യുന്നതിലേയ്ക്ക് നയിക്കുന്ന സംഭവങ്ങൾ**

(എ) കോൺട്രാക്ട് വ്യവസ്ഥകളിലെ ഒന്നോ അധിലധികമോ വ്യവസ്ഥകൾ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ കരാർ ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള തുക കണ്ട് കെട്ടുന്നതിനും ടിയാൻ ശേഖരിച്ചിട്ടുള്ള ഉത്പന്നങ്ങൾ കണ്ട് കെട്ടുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. ഈ വിവരം കരാറുകാരനെ അക്ക്നോളഡ്ജ്മെന്റ് കാർഡോടു കൂടിയ രജിസ്ട്രേഡ് കത്ത്മുഖേന അറിയിക്കുന്നതാണ്.

(ബി) കരാർ എടുത്തിട്ടുള്ള ഏരിയായ്ക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ അനധികൃമായി തടി മുറിച്ച് നീക്കം ചെയ്യുകയോ മറ്റ് ഏതെങ്കിലും ഉൽപന്നങ്ങൾ നീക്കം ചെയ്യുകയോ ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുകയോ ചെയ്താൽ ആയതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അനധികൃമായ മരംമുറിയോ വേട്ടയാടലോ കരാറുകാരന്റെ അറിവോടുകൂടിയല്ലായെന്ന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ തെളിയിച്ചില്ലായെങ്കിൽ കരാർ റദ്ദാക്കുന്നതും കരാർകാരൻ ഒടുക്കിയിട്ടുള്ള തുകയും കരാറുകാരൻ ശേഖരിച്ചിട്ടുള്ള ഉൽപന്നങ്ങളും കണ്ട് കെട്ടുന്നതുമായിരിക്കും.

(സി) കരാർ ക്യാൻസൽ ചെയ്യുകയാണെങ്കിൽ ആ തോട്ടം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലംചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ ലഭിക്കുന്ന ഏറ്റവും മികച്ച തുകയ്ക്ക്, ആദ്യം ലേലത്തുക എത്രയെന്ന് പരിഗണിക്കാതെ ലേലം ഉറപ്പിക്കുന്നതായിരിക്കും. പുനർ ലേലത്തിൽ ആദ്യലേലത്തേക്കാൾ കുറഞ്ഞ തുകയാണ് ലഭിക്കുന്നതെങ്കിൽ വ്യത്യാസമുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതും അധികം തുകയാണ് ലഭിക്കുന്നതെങ്കിൽ ആയതിന് കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ള സന്ദർഭത്തിൽ വെട്ടിശേഖരിച്ച്വെച്ച ഉൽപന്നങ്ങളുടെ അളവിലോ തൂക്കത്തിലോ കുറവ് വന്നാൽ അത് സർക്കാർ നഷ്ടമായി കണക്കാക്കുന്നതും കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

**20. നഷ്ടമോ കേടുപാടുകളോ ഉണ്ടാകുന്നതിൽ നിന്നുള്ള സംരക്ഷണം.**

**(എ)**പ്രകൃതി ദുരന്തങ്ങളോ കാലാവസ്ഥാ വ്യതയാനമോ അസുഖമോ മറ്റേതെങ്കിലും കാരണവശാലോ ഡിപ്പാർട്ട്മെന്റിന് ഉൽപന്നങ്ങൾ നൽകാൻ സാധിക്കുന്നില്ലായെങ്കിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

**(ബി)** കരാറുകാരന് ലേലത്തിൽ വിറ്റിട്ടുള്ള ഉൽപന്നങ്ങൾ കാട്ടുതീ, വെള്ളപൊക്കം, മറ്റേതെങ്കിലും പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന നഷ്ടത്തിനോ കേടുപാടുകൾക്കോ ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല.

**(സി)** പ്ളാന്റേഷനിലോ താത്ക്കാലിക ഡംബിഗ്സൈറ്റിലോ സ്റ്റോക്ക് ചെയ്തിട്ടുള്ള ഉത്പന്നങ്ങൾ സംരക്ഷിക്കുന്നതിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ കരാറുകാരൻ ചെയ്തിരിക്കേണ്ടതാണ്. അപ്രകാരമുണ്ടാകുന്ന നഷ്ടത്തിന് വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

**21. നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത്**

**(എ)** 1961 ലെ കേരള ഫോറസ്റ്റ് ആക്ടും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത റൂളുകളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

**(ബി)** ജി.എസ്സ്.റ്റി നിയമവും അതിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

**(സി)** ഇൻകം ടാക്സ് നിയമവും ലേലവുമായി ബന്ധപ്പെട്ട മറ്റ് കേന്ദ്ര സംസ്ഥാന നിയമങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

**(ഡി)** വർക്ക്മെൻ കോമ്പൻസേഷൻ ആക്ടും തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളും അനുസരിച്ചുള്ള എന്തെങ്കിലും ബാധ്യത ഉണ്ടാവുകയാണെങ്കിൽ അത് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

**(ഇ)** കരാർ വ്യവസ്ഥകളോ കേരള വനം നിയമവും അതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളോ ലംഘിക്കുകയാണെങ്കിൽ ആയത് ലേലം ക്യാൻസൽ ചെയ്യുന്നതിനും കരാർ റദ്ദാക്കുന്നതിനും കാരണമാവുകയും കരാറുകാരൻ ഒടുക്കിയിട്ടുള്ള തുക കണ്ടുകെട്ടുന്നതിനും കാരണമായിതീരും.

**22. കരാർ വ്യവസ്ഥകളുടെ ലംഘനം**

**(എ)** കരാറുകാരൻ ഏതെങ്കിലും കരാർ വ്യവസ്ഥ ലംഘിക്കുകയും കേരള വനം വകുപ്പ് ആയത്മൂലം കരാർ റദ്ദാക്കാതിരിക്കുകയും ചെയ്താൽ ഓരോ വ്യവസ്ഥാലംഘനത്തിനും 1000 രൂപ വെച്ച് പിഴ ഈടാക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. അപ്രകാരം കരാർ വ്യവസ്ഥകളുടെ ലംഘനം കണക്കാക്കുമ്പോൾ ലേലം ചെയ്ത യൂണിറ്റ് 1 യൂണിറ്റായി കണക്കാക്കുന്നതാണ്. ഇതിനെതിരെയുള്ള അപ്പീലുകൾ പരിഗണിക്കുന്നത് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമായിരിക്കുകയും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും പാലിക്കുവാൻ ബാധ്യസ്ഥവുമായിരിക്കും. കരാർ ലംഘനം സംബന്ധിച്ച് പിഴ ഈടാക്കുന്നതിനുള്ള ഉത്തരവ് നേരിട്ടോ രജിസ്ട്രേഡ് കത്ത് മുഖേനയോ ഡെസ്പാച്ച് ചെയ്ത് 15 ദിവസത്തിനുള്ളിൽ അപ്പീൽ പരിഗണിക്കേണ്ടതാണ്. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ കാലതാമസം മാപ്പാക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

**(ബി)** രജിസ്ട്രേഡ് കത്ത് മുഖേനയോ നേരിട്ടോ പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റ് 15 ദിവസത്തിനുള്ളിൽ കരാറുകാരൻ പിഴ ഒടുക്കേണ്ടതാണ്.

**23. മുൻകൂട്ടി കാണാനാകാത്ത സാഹചര്യങ്ങൾ**

കേരള വനം വകുപ്പിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ലേലത്തിൽ നിന്നും പിൻമാറേണ്ടി വന്നാലോ കരാർ അസാധുവാക്കേണ്ടി വന്നാലോ അത് മൂലം കരാറുകാരന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വനം വകുപ്പിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

**24. കോടതിയുടെഅധികാര പരിധി**

**(എ)**കരാറുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് ആലത്തൂർ / നെല്ലിയാമ്പതി റെയിഞ്ച് ഏരിയകളിൽവെച്ച് ഉണ്ടായ തർക്കമായി പരിഗണിക്കുന്നതും അതുമൂലമുണ്ടാകാവുന്ന കേസ്സുകൾ ആലത്തൂർ മുൻസിഫ് കോടതിയുടെ പരിധിയിൽ വരുന്നതുമായിരിക്കും.

**(ബി)** കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യാഖ്യാനം ചെയ്യുന്നതിനുള്ള അധികാരി കേരള വനം വകുപ്പ് ആയിരിക്കുകയും വനം വകുപ്പിന്റെ തീരുമാനം അന്തിമവും കരാറുകാരന് ബാധകമായിരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ നമ്പർ 04923-243179) നെല്ലിയാമ്പതി റെയിഞ്ചാഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ നമ്പർ 8547602120) ***www.mstc*** ***ecommerce.com***or www.forest.kerala.gov.in. എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാകുന്നതാണ്.

*പ്രവീൺ. പി*
*ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,*
*നെന്മാറ ഡിവിഷൻ, നെന്മാറ*
*(കേരള ഗവർണ്ണർക്കു വേണ്ടി)*